## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2099**

**17.06.2014**- ലെ മറുപടിക്ക്

### സഹകരണമേഖലയിലെ ധൂർത്തും അഴിമതിയും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സഹകരണ സംഘങ്ങളിൽ വ്യാപകമായി കണ്ടു വരുന്ന ധൂർത്തും അഴിമതിയും അവസാനിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ; | (എ) സഹകരണ സ്ഥാപനങ്ങളിലെ ധൂർത്തും അഴിമതിയും തടയുന്നതിന് വാർഷിക ഓഡിറ്റിംഗ് കടിശ്ശിക തീർത്ത് കാര്യക്ഷമ മാക്കിയിട്ടുള്ളതിനു പുറമേ ജോയിന്റ് രജിസ്ട്രാർ, അസിസ്റ്റൻറ് രജിസ്ട്രാർ, യൂണിറ്റ് ഇൻസ്പെക്ടർ എന്നിവരുടെ പരിശോധനാ റിപ്പോർട്ടിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്കെതിരെ സഹകരണ നിയമപ്രകാരവും, ക്രിമിനൽ നടപടിചട്ടങ്ങൾ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന സംഘം ഭാരവാഹികൾക്കെതിരെ ബഹു. ഹൈക്കോടതിയുൾപ്പെടെയുള്ള നീതി ന്യായ സ്ഥാപനങ്ങളിൽ അംഗങ്ങൾ നൽകുന്ന കേസ്സുകൾ നടത്താൻ സംഘം ഫണ്ടിൽ നിന്നും ലക്ഷക്കണെക്കിന് രൂപ അനധികൃതമായെടുത്തു ചെലവഴിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ ; | (ബി) കോടതി വ്യവഹാരങ്ങൾക്കായി സംഘം ഫണ്ട് വിനിയോഗിക്കുന്നത് ഫണ്ട് ദുരുപയോഗമാണെന്നും അത്തരത്തിൽ ഫണ്ട് ദുർവ്യയം ചെയ്താൽ ബന്ധപ്പെട്ടവരിൽ നിന്നും തുക ഈടാക്കുന്നതാണെന്നും നിഷ്കർഷിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) ഇതു സംബന്ധിച്ചു ലഭിക്കുന്ന പരാതികളിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ? | (സി) നിർദ്ദേശം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ